ഡയാലിസിസ് സെന്ററുകൾ

20 (4889) ശ്രീ. പി. സി. ടി. അഹമ്മദ് അലി :
ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സൗജന്യ ഡയാലിസിസ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട് ; അവ ഏതെല്ലാം ;

(ബി) സമൂഹത്തിൽ വളരെ മഹത്തായ സേവനം ചെയ്തു കൊടുക്കുന്ന ഇത്തരം കേന്ദ്രങ്ങൾക്ക് എന്തെങ്കിലും സഹായമോ, ഇളവുകളോ ചെയ്തുകൊടുക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടോ ;

(സി) ഇത്തരം കേന്ദ്രങ്ങളുടെ കെട്ടിട നികുതി ഒഴിവാക്കാനും കറണ്ട് ചാർജ്ജ് ഇളവ് അനുവദിക്കാനും ബന്ധപ്പെട്ട വകുപ്പുകളോട് ആരോഗ്യവകുപ്പ് ശുപാർശ ചെയ്യുമോ ;

(ഡി) ഇത്തരം കേന്ദ്രങ്ങളെ സഹായിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ - ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസ്

21 (4890) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രമേഹരോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിനുള്ള കാരണങ്ങൾ എന്തെല്ലാം ;

(ബി) യുവതലമുറയിൽ പോലും പടർന്നുപിടിക്കുന്ന ഈ രോഗം നിയന്ത്രണ വിധേയമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാന സർക്കാരിന്റെ അധീനതയിൽ പ്രവർത്തിച്ചുവരുന്ന ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസിനെ ഈ രംഗത്തെ ഒരു സെന്റർ ഫോർ എക്സലൻസായി ഉയർത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ ; ഈ ഇൻസ്റ്റിറ്റ്യൂട്ടിൽ ജോലി ചെയ്തുവരുന്ന ഡോക്ടർമാരെ എൻ.ആർ.എച്ച്.എം.-ൽ നിന്നും മറ്റും എടുക്കുന്നത് അവസാനിപ്പിച്ച് സ്ഥിരം ഡോക്ടർമാരെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരളീയരുടെ ജീവിത ശൈലിയിൽ വന്ന മാറ്റങ്ങളാണ് പ്രധാനമായും ഇതിന് കാരണം.

(ബി) ഈ രോഗം നിയന്ത്രണവിധേയമാക്കുന്നതിന് ബോധവൽക്കരണ/ രോഗനിയന്ത്രണ ക്ലാസ്സുകൾ നടത്താറുണ്ട്. തിരുവനന്തപുരത്തെ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റീസിന്റെ നേതൃത്വത്തിൽ ഡോക്ടർമാർക്കും വിവിധ വിഭാഗം ജീവനക്കാർക്കും പരിശീലനം നൽകാനും പരിശീലനം ലഭിച്ച ഡോക്ടർമാരുടെയും ജീവനക്കാരുടെയും നേതൃത്വത്തിൽ ആശാപ്രവർത്തകരെ പഞ്ചായത്ത് തലത്തിൽ പരിശീലിപ്പിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ 2010-11 ബജറ്റിൽ വകയിരുത്തിയ പ്രകാരം പ്രമേഹരോഗവും രക്തസമ്മർദ്ദവും മോണിറ്റർ ചെയ്യുന്നതിനുള്ള ഒരു കർമ്മ പരിപാടി തയ്യാറാക്കി വരുന്നു.

(സി) നടപടികൾ സ്വീകരിച്ചുവരുന്നു.

സ്റ്റേറ്റ് ഡിസീസ് കൺട്രോൾ മോണിറ്ററിംഗ് സെൽ

22 (4891) ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് ഡിസീസ് കൺട്രോൾ മോണിറ്ററിംഗ് സെല്ലിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്താമോ ;

(ബി) എസ്.ഡി.എം.സി. യുടെ തലവൻ ആരാണെന്നും, അദ്ദേഹത്തിന്റെ യോഗ്യത എന്താണെന്നും വ്യക്തമാക്കുമോ ;

(സി) എസ്.ഡി.എം.സി.യിൽ എത്ര അംഗങ്ങൾ ഉണ്ട് എന്നും ആരൊക്കെയാണെന്നും വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത സെല്ലിന് നാളിതുവരെ എത്ര രൂപ അനുവദിച്ചു വെന്നും ഏതിനൊക്കെയായി എത്ര രൂപ ചെലവഴിച്ചുവെന്നും വിശദവിവരം ലഭ്യമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തുണ്ടാകാൻ സാധ്യതയുള്ള പകർച്ചവ്യാധികൾ നേരത്തെ കണ്ടെത്തുകയും നിയന്ത്രണ വിധേയമാക്കുകയുമാണ് സ്റ്റേറ്റ് ഡിസീസ് കൺട്രോൾ മോണിറ്ററിംഗ് സെല്ലിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ.

(ബി) എസ്.ഡി.എം.സി.യുടെ തലവൻ ആരോഗ്യവകുപ്പുമന്ത്രിയാണ്.

(സി) എസ്.ഡി.എം.സി.യിൽ ആകെ 12 അംഗങ്ങളാണുള്ളത്. പേരുവിവരം അടങ്ങുന്ന സർക്കാർ ഉത്തരവ് ഇതോടൊപ്പം വയ്ക്കുന്നു.*

(ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly